# നീലക്കൊടുവേലി

—ഡോ: കെ. ഭാസ്കരൻനായർ

നീലക്കൊടുവേലി എന്ന ദിവ്യശക്തികളുള്ള ഒരു അത്ഭുത സസ്യത്തെപ്പററി എത്രയോ കഥകൾ ഞാൻ കുട്ടിക്കാലത്ത് കേട്ടിട്ടുണ്ട്. മലയാളികളായ പല സുഹൃത്തുക്കളും, ഇതേ അനുഭവം തന്നെ അതിശയോക്തിയോടെ വർണ്ണിക്കുന്നതും കേട്ടിട്ടുണ്ട്. പക്ഷെ ഞങ്ങളെല്ലാവരും "ശുദ്ധ അസംബന്ധം", "വെറും അന്ധവിശ്വാസം" എന്നു പുച്ഛിച്ച് അവയെ തള്ളിക്കളയുകയാണ് ചെയ്തത്. പിൽക്കാലത്ത് ആകാശപുഷ്പം, വന്ധ്യാപുത്രൻ എന്നൊക്കെയുള്ള പദങ്ങളെപ്പോലെ ഇല്ലാത്ത വസ്തു എന്ന അർത്ഥത്തിൽ ഈ നാമം ഉപയോഗിക്കുന്നതും കേൾക്കുവാൻ ഇടയായിട്ടുണ്ട്. പക്ഷെ അമേരിക്കയിലെ റെഡ് ഇന്ത്യൻ ആദിവാസികളുടെ ഇടയ്ക്കു് അവർ പരിപൂർണ്ണമായി നശിപ്പിക്കപ്പെട്ടതിനു ശേഷവും, നിലവിലിരുന്ന ഇത്തരം കഥകളേയും പ്രാചീനമായ ആചാരങ്ങളേയും കുറിച്ച് അതിവിപുലമായ ഗവേഷണങ്ങൾ നടത്തുവാനും, പുസ്തകങ്ങളെഴുതാനും Ph. D ഡിഗ്രി എടുക്കാനും ആ രാജ്യത്തെ ശാസ്ത്രജ്ഞന്മാർ സന്നദ്ധരായി. ഈവഴിക്ക് ലോകപ്രസിദ്ധി നേടിയിരിക്കുന്ന ഒരു ഗവേഷകനും ഗ്രന്ഥകാരനും സർവ്വകലാശാല പ്രൊഫസറുമാണ് കാലിഫോർണിയയിലെ കാർലോസ് കാസ്റ്റനേഡ. അദ്ദേഹം ഔദ്ധ്യത്യത്തോടെ അകന്നുനിന്നു. ഗവേഷണം നടത്തുകയല്ല ചെയ്തത്. ഒരു ആദിവാസി മാന്ത്രികനെ കണ്ടുപിടിച്ചു അദ്ദേഹിന്റെ ശിഷ്യത്വം സ്വീകരിച്ച് പത്തുപതിനഞ്ചു വർഷക്കാലം ഗുരുകുലക്ലേശം സഹിച്ച് മന്ത്രതന്ത്രങ്ങളും ആചാരാനുഷ്ഠാനങ്ങളും പഠിക്കുകയും ഒടുവിൽ തന്റെ ഗുരുവിനു അഭിമതനായ ഒരു പുതുമാന്ത്രികനായി അത്ഭുതസിദ്ധികൾ നേടുകയും ചെയ്തു. മററ് അനേകം ഗവേഷകന്മാർ ഇതിനുമുമ്പു തന്നെ ആദിവാസികൾ പൂജിക്കുന്ന സസ്യങ്ങളെ കണ്ടുപിടിച്ച്, അവയുടെ ലക്ഷണങ്ങൾ നിർണ്ണയിച്ച് ഔഷധവീര്യം വല്ലതുമുണ്ടോ എന്നു പരിശോധിച്ചു. ഈ അന്വേഷണങ്ങൾ കൊണ്ട് ലോകത്തിന് ഗുണവും ദോഷവും ഉണ്ടായി. ഗുണം, മലമ്പനിക്ക് സിദ്ധൗഷധമായ ക്വയിനാപ്പൊടിപോലെയുള്ള, അനേകം മരുന്നുകൾ കണ്ടുപിടിച്ചതാണ്. സത്യത്തിൽ സൾഫയും പെനിസിലിനും വരുന്നതിനു മുമ്പുവരെ വെള്ളക്കാരന്റെ വൈദ്യവിദ്യയിൽ, അതിന്നു സ്വന്തമെന്നു പറയാവുന്ന ഔഷധങ്ങൾ വളരെയൊന്നും ഇല്ലായിരുന്നു. അതിൽ ഉപയോഗിക്കുന്ന പല മരുന്നുകളും അന്യസംസ്കാരങ്ങളുടെ പ്രാചീന പാരമ്പര്യങ്ങളിൽനിന്നു സ്വീകരിച്ചവയാണ്. ഇക്കൂട്ടത്തിൽ വളരെ എണ്ണം അമേരിക്കൻ ആദിവാസികൾ എത്രയോ തലമുറകളായി ഉപയോഗിച്ചുവന്ന ഒററ മൂലികളിൽനിന്നു സംസ്കരിച്ച് ഉണ്ടാക്കിയവയാകുന്നു.



Digitized by Kerala Sahitya Akademi

മേല്പറഞ്ഞ ശാസ്ത്രീയ ഗവേഷണത്തിൽനിന്നുണ്ടായ ദോഷം അത് ഇന്ന് ലോകമാകെ പടർന്നുപിടിച്ചിരിക്കുന്ന മയക്കുമരുന്നുകളുടെ സംസ്കാരത്തിനു വഴിതെളിച്ചു എന്നതാണ്. വെള്ളക്കാരൻ അമേരിക്കയിൽ ചെന്ന് മദ്യംകൊടുത്ത് അവിടത്തെ ആദിവാസികളെ നശിപ്പിച്ചു. പക്ഷേ നാനൂറു വർഷങ്ങൾക്കുശേഷം, പരാജിതരായ ആ പ്രാചീന ജനങ്ങളുടെ മയക്കുമരുന്നുകൾ അവരുടെ പൂജാവിധികളില്ലാതെ വൻതോതിൽ ഉപയോഗിച്ചു വെള്ളക്കാരൻ സ്വയം നശിക്കുവാൻ തുടങ്ങിയിരിക്കുന്നു; പരിഷ്കാരികൾ പഴയ പാരമ്പര്യങ്ങളെ സ്വീകരിക്കുമ്പോൾ ഇങ്ങനെയുള്ള ആപത്തുകൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. ഇന്നിപ്പോൾ പൂരക്കളിയും തിറയും തെയ്യവും മന്ത്രവാദവും ജ്യോതിഷവുമെല്ലാം പരിഷ്കൃത ജനങ്ങളെ ആകർഷിക്കുവാൻ തുടങ്ങിയിട്ടുണ്ട്. അവയ്ക്ക് അനുഷ്ഠാന കലകളെന്നും മററുമുള്ള പേരുകളും നൽകിയിരിക്കുന്നു. പക്ഷേ അനുഷ്ഠാനം പേരിലേയുള്ളു. അവയിൽനിന്ന് കലാപരമായ അംശത്തെ മുറിച്ചെടുത്ത് ആധുനിക രീതിയിൽ വികസിപ്പിച്ച് ഉദ്ധരിക്കാമെന്നാണ് വ്യാമോഹം. അനുഷ്ഠാനം പോയാൽ അവയുടെ ആത്മാവും പോയി എന്ന മഹാസത്യം അനുഭവംകൊണ്ടേ മനസ്സിലാവുകയുള്ളു. അതിന്ന് കാലം കുറേ കഴിയണം. ക്ഷേത്രശില്പങ്ങൾ ജീർണ്ണിക്കുന്നതുകണ്ട് അവയെ ഭാവിതലമുറകൾക്കുവേണ്ടി സംരക്ഷിക്കുവാനും നിലനിർത്തുവാനും താല്പര്യം തോന്നിയ ഒരു ഗവേഷകൻ അനേകം സംഘടനകളിൽനിന്ന് ഗ്രാൻറും സംഭാവനയും സമ്പാദിച്ച്, വളരെ പണം ചെലവഴിച്ച് അതെല്ലാം ക്യാമറയിൽ പകർത്തി ചിത്രങ്ങളാക്കി. പത്തു വർഷം കഴിഞ്ഞപ്പോൾ ഫോട്ടോ ചിത്രങ്ങളെല്ലാം മങ്ങിയും ദ്രവിച്ചും ഉപയോഗശൂന്യമായി. ക്ഷേത്രശില്പങ്ങൾ പഴയപടി ശേഷിക്കുകയും ചെയ്യുന്നു. പല ഉദ്ധാരണ യത്നങ്ങളുടെയും ഗതി ഇതാണ്. അതു നില്ക്കട്ടെ.

നീലക്കൊട്ടുവേലിയുടെ കാര്യമാണല്ലോ പറഞ്ഞു തുടങ്ങിയത്. ലോകത്തിന്റെ പല ഭാഗങ്ങളിലും നിലവിലിരുന്നതും സസ്യങ്ങളെ ദേവതകളും ദിവ്യശക്തിയുള്ള അത്ഭുത വസ്തുക്കളുമായി ആരാധിക്കുന്നതുമായ സംസ്കാരത്തിന്റെ അവശിഷ്ടമല്ലേ അതെന്ന് ഞാൻ ബലമായി സംശയിക്കുന്നു. ഏതായാലും അതേപ്പററി പാലാ ഗോപാലൻ നായർ എന്ന സാഹിത്യകാരൻ ഏതാനും വർഷങ്ങൾക്ക് മുമ്പ് പ്രസിദ്ധപ്പെടുത്തിയ ഒരു നാടൻ പാട്ട് ഇവിടെ ഉദ്ധരിക്കുന്നത് പ്രസക്തമായിരിക്കുമെന്ന് കരുതുന്നു.

ഇത് യഥാർത്ഥത്തിലുള്ള നാടൻ പാട്ടാണോ അദ്ദേഹം തന്നെ ആ രീതിയിൽ രചിച്ചതാണോ എന്ന് അറിയുന്നില്ല. ഒരു കവിതയുള്ളിലെ കവിതയായിട്ടാണ് ഇത് കാണുവാനിടയായത്. അഥവാ സ്വയം നിർമ്മിച്ചതാണെന്നു വരികിലും അതിന്റെ പിന്നിൽ നാടൻ കഥയോ, ഐതിഹ്യമോ, അമ്മൂമ്മക്കഥയെങ്കിലുമോ ഉണ്ടായിരിക്കുമെന്നുള്ളത് തീർച്ചയാണ്. ആ നിലയ്ക്ക് നോക്കിയാലും ഈ പാട്ട് ശ്രദ്ധേയമാണെന്നുള്ളതിൽ തർക്കമില്ല.

"ഏഴുമലകൾക്കുമപ്പുറത്ത്
ഏഴുപുഴകൾക്കുമപ്പുറത്ത്
ഇല്ലിക്കൽക്കല്ലിൻ മുടിയിലുണ്ട്
പൊന്മണിച്ചെപ്പൊത്ത പൊൽക്കിണറ്
ആനത്തിക്കിണറിൻ തണുത്ത മാറിൽ
നീലക്കൊട്ടുവേലി നിദ്രകൊൾവൂ
ആശിച്ചതൊക്കെയുമാർക്കുമെന്നും
വാരിവിതറുമക്കല്പവല്ലി.

പത്തിയുയർത്തിയ നാഗത്താന്മാർ
ചുററുകയാണ് കരയിലെന്നും
തൂക്കായി നില്ക്കുമപ്പാറകേറി–
യാർക്കുമെടുക്കുവാൻ പററുകില്ല

കർക്കടകത്തിൻ കറുത്ത വാവി–
ന്നർദ്ധരാത്രിക്കുള്ള കൂരിരുട്ടിൽ
ചേലിൽക്കിണറുകവിഞ്ഞൊഴുകി
നീലക്കൊട്ടുവേലി മെല്ലെ മെല്ലെ

മീനച്ചിലാററിൻ നടുവിലൂടെ
കായലിലേക്കങ്ങൊഴുകി നീങ്ങും
എന്നതുമൂലമത്തീരഭൂവിൽ
സ്വർണ്ണം വിളയുന്നു നാളിൽ നാളിൽ

മാലകററീടുമാ മഞ്ജുരത്നം
മാലോകർക്കേകുന്നു മംഗളങ്ങൾ
കിട്ടുകില്ലാർക്കുമക്കല്പവല്ലി
കിട്ടിയാൽ മാനുഷൻ നേടിയെല്ലാം."

ഇത് വെറും ഭാവനാവിലാസമാണെന്നേ ആരും പറയുകയുള്ളു. പക്ഷേ ഇതിനേക്കാൾ നൂറുമടങ്ങ് ഭാവനാമയവും അയഥാർത്ഥവും ആയിത്തോന്നുന്ന വിവരണങ്ങൾ കേട്ടാണ് കാർളോസ് കാസ്റ്റനേദ കാലിഫോർണിയാ സർവ്വകലാശാലയിൽനിന്ന് തന്റെ പ്രേമഭാജനത്തെയും പരിഷ്കൃത ജീവിതത്തെയും വിട്ടകന്ന് മെക്സിക്കൻ മരുഭൂമിയിൽപോയി ഭഗീരഥനെപ്പോലെ പാടുപെട്ട് മഹാ മാന്ത്രികനായി സ്വയം രൂപാന്തരപ്പെട്ട് ലോകപ്രസിദ്ധിനേടിയത്.



Digitized by Kerala Sahitya Akademi